**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2210** **06-07-2022 - ൽ മറുപടിയ്ക്ക്**

**മുൻഗണന വിഭാഗത്തിൽ നിന്ന് അനർഹരെ ഒഴിവാക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | റേഷൻ കാർഡ് മുൻഗണന വിഭാഗത്തിൽ നിന്ന് അനർഹരെ ഒഴിവാക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ള അനർഹരെ കണ്ടെത്തി ഒഴിവാക്കുന്നതിനായി സ്വീകരിച്ചിരിക്കുന്ന നടപടികൾ ചുവടെ പറയുന്നവയാണ്.<br><br>1. തദ്ദേശ സ്വയം ഭരണം, മോട്ടോർ വാഹനം എന്നീ വകുപ്പുകളുടെ ഡേറ്റയുമായി ആർ.സി.എം.എസ് ഡേറ്റാ മാപ്പിംഗ് നടത്തുന്നു<br><br>2. മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ചുള്ള പരിശോധന.<br><br>3. ആധാർ ലിങ്ക് ചെയ്യാത്ത മുൻഗണനാ കാർഡുകളുടെ പരിശോധന.<br><br>4. ഒരംഗം മാത്രമുള്ള മുൻഗണനാ കാർഡുകളുടെ പരിശോധന.<br><br>5. തുടർച്ചയായി മൂന്നു മാസം റേഷൻ സാധനങ്ങൾ വാങ്ങാത്ത മുൻഗണനാ കുടുംബങ്ങളെ കണ്ടെത്തൽ.<br><br>6. അനർഹമായി മുൻഗണനാ കാർഡുകൾ കൈവശം വയ്ക്കുന്നത് വഴി ഉണ്ടാകാവുന്ന പ്രത്യാഘാതങ്ങൾ ദൃശ്യ ശ്രവ്യ മാധ്യമങ്ങൾ വഴിയും റേഷൻകടകൾ വഴിയും പൊതുജനങ്ങളെ ബോധ്യപ്പെടുത്തൽ.<br><br>7. മുൻഗണനാ വിഭാഗത്തിലെ കൂടുതൽ അനർഹരെ കണ്ടെത്തുന്നതിലേക്കായി **Operation Yellow** എന്ന പേരിൽ ഒരു പരിപാടി ആവിഷ്കരിക്കാൻ നടപടി സ്വീകരിച്ചു വരുന്നു. ടി പരിപാടി നടപ്പിൽ വരുമ്പോൾ പൊതുജനങ്ങൾക്ക് അനർഹമായി മുൻഗണനാ റേഷൻ കാർഡുകൾ കൈവശം വയ്ക്കുന്നവരുടെ |

| | | | |
|---|---|---|---|
| | | | പേരുവിവരങ്ങൾ സർക്കാരിൽ അറിയിക്കാവുന്നതാണ്. |
| (ബി) | കഴിഞ്ഞ മൂന്ന് വർഷം ഏറ്റവും കൂടുതൽ കാർഡുകൾ മുൻഗണന പട്ടികയിൽ ഉൾപ്പെടുത്തിയ മൂന്ന് താലൂക്ക് സപ്ലൈ ഓഫീസുകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ; | (ബി) | കൊല്ലം (22754)<br>നെയ്യാറ്റിൻകര (22054)<br>വടകര (15763) |
| (സി) | വടകര താലൂക്ക് സപ്ലൈ ഓഫീസിൽ നിന്നും പൊതുവിഭാഗത്തിലേക്ക് മാറ്റിയ റേഷൻ കാർഡുകൾക്ക് പകരമായി എത്ര കാർഡുകൾ മുൻഗണന വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ? | (സി) | 15763 |

സെക്ഷൻ ഓഫീസർ